16017

## വിവരാവകാശ നിയമ പ്രകാരം

ബഹുമാനപ്പെട്ട സാമൂഹ്യ നീതി ഡയറക്ടർ മുൻമ്പാകെ 31-03-2018 ൽ ഇതേ വകുപ്പിൽ, ഇടുക്കി ജില്ലയിൽ ഇളംദേശം ശിശുവികസന പദ്ധതി ഓഫീസിലെ ജൂനിയർ സൂപ്രണ്ട് തസ്തികയിൽ ഇരുന്ന് വിരമിച്ച പി.കെ.സുദർശനൻ.നായർ മറുപടി ലഭ്യമാക്കുവാൻ വിവരാവകാശ നിയമ പ്രകാരം സമർപ്പിക്കുന്ന അപേക്ഷ.

സർ,

വിഷയം -: എന്റെ പെൻഷൻ പുനർ പരിശോധന നടത്തുന്നത് സംബന്ധിച്ച്.

സൂചന -: (1) 25/06/2017 ൽ ബഹുമാനപ്പെട്ട സാമൂഹ്യ നീതി ഡയറക്ടർക്ക് ഞാൻസമർപ്പിച്ച അപേക്ഷ.(ആയതിന്റെ പകർപ്പ് ഇതൊന്നിച്ച് ഹാജരാക്കുന്നു.)

(2) 09/10/2017ലെ ബഹുമാനപ്പെട്ട സാമൂഹ്യ നീതി ഡയറക്ടറുടെ ഉത്തരവ് നംമ്പർ ഇ- 09/30030/2017.(ആയതിന്റെ പകർപ്പ് ഇതൊന്നിച്ച് ഹാജരാക്കുന്നു.)

(3) 27/07/2017 ലെ ബഹു.സാമൂഹ്യ നീതി ഡയറക്ടറുടെ ഇ7-23966 നംമ്പർ ആയിട്ടുള്ള ഉത്തരവ്(ആയതിന്റെ പകർപ്പ് ഇതൊന്നിച്ച് ഹാജരാക്കുന്നു.)

(4) 29/11/2016 ലെ ഇ-11/35052/2016 ആയിട്ടുള്ള വിവരാവകാശ കത്തിന്റെ മറുപടി. ( ആയതിന്റെ പകർപ്പ് ഇതൊന്നിച്ച് ഹാജരാക്കുന്നു.)

മേൽ സൂചനകളിലേക്ക് ശ്രദ്ധക്ഷണിക്കുന്നു.ആയതിൽ സൂചന (1) പ്രകാരം വിരമിക്കൽ കാലം അടുടുത്തതിനാൽ, എനിക്ക് അർഹതപ്പെട്ട ഉദ്യോഗക്കയറ്റം സമയബന്ധിതമായി എത്രയും വേഗം നൽകണമെന്നും,അല്ലാത്ത പക്ഷം, പെൻഷൻപറ്റി പിരിയുന്ന അവസരത്തിൽ അപിരിഹര്യമായ നഷ്ടത്തിന് അത് ഇടവരുത്തുമെന്നും കാണിച്ച് ബഹുമാനപ്പെട്ട സാമൂഹ്യ നീതി ഡയറക്ടക്ക് ഞാൻ കത്ത് നൽകിയിരുന്നതാണ്. ടി വിവരം നേരിട്ടും ഞാൻ ഡയറക്ടറേറ്റിൽ വന്ന് മേൽ കാലയളവിൽ ഇരുന്ന അഡ്മിനിസ്ട്രേറ്റിവ് ഓഫീസറെ വാക്കാലും പറഞ്ഞു ധരിപ്പിച്ചിരുന്നു. സൂചന (2) ബഹു.സാമൂഹ്യ നീതി ഡയറക്ടറുടെ ഉത്തരവു പ്രകാരം, ഹെഡ് അകൗണ്ടന്റ് തസ്തികയിൽ നിന്നും ജൂനിയർ സൂപ്രണ്ട് തസ്തികയിലേക്ക് ഉദ്യോഗക്കയറ്റം ലഭിക്കേണ്ടിയിരുന്ന ഒന്നാമത്തെ വ്യക്തി ഞാൻ ആയിരുന്നു. എന്നാൽ എന്റെ ഉദ്യോഗക്കയറ്റം നിസ്സാര കാരണങ്ങൾ പറഞ്ഞ് മാറ്റി വയ്ക്കുയാണ് ഉണ്ടായത്.

മറുപുറം

സൂചന (4) പ്രകാരം ഞാൻ വക്കീലിനെ കൊണ്ട് ബഹു.സാമൂഹ്യ നീതി ഡയറക്ടറേറ്റിൽ നിന്നും വിവരാവകാശ നിയമ പ്രകാരം വാങ്ങിയ ടി കാലയളവിലെ ജൂനിയർ സൂപ്രണ്ട് തസ്തികയിൽ ഉണ്ടായിരുന്ന 26 ഒഴിവുകളുടെ എണ്ണവും അങ്ങയുടെ അറിവിലേക്കായി സമർപ്പിക്കുന്നു. എന്റെ ഹെഡ് അകൗണ്ടന്റ് തസ്തികയിലെ പ്രബേഷൻ 2017 മാർച്ച് മാസത്തിൽ തൃപ്തികരമായി പൂർത്തികരിച്ച് ബഹു.സാമൂഹ്യ നീതി ഡയറക്ടറേറ്റിൽ നിന്നും ഉത്തരവുണ്ടായിട്ടുള്ളതും ആണ്. ആയതിന്റെ കോപ്പി സൂചന (3) ആയി ഹാജരാക്കുന്നു. സമക്ഷത്തു നിന്നും ദയവുണ്ടായി എനിക്ക് നിഷേധിക്കപ്പെട്ട നീതി പുനർ സ്ഥാപിച്ച് എന്റെ പെൻഷനിൽ വന്ന കുറവ് പുനർ ക്രമീകരണം നടത്തി നൽകുവാനും, വിവരാവകാശ നിയമ പ്രകാരം സമർപ്പി ഈ അപേക്ഷ കൈപ്പറ്റി മറുപടി നൽകുവാൻ താഴ്മയായി അപേക്ഷിച്ചു കൊള്ളുന്നു.

വിശ്വസ്തതയോടെ,

14/011/2018.

പി. കെ. സുദർശനൻ.നായർ

ശ്രീപാദം വീട്, കോലാനി.പി.ഓ.

തൊടുപുഴ പിൻകോഡ് 685608

മൊബൈൽ നംമ്പർ.9400629131

തൊടുപുഴ.
14-11-2018

<u>സാമൂഹ്യ നീതി ഡയറക്ടറുടെ നടപടിക്രമങ്ങൾ</u>

(സാന്നിദ്ധ്യം. വേണു.വി.എസ് )

തിരുവനന്തപുരം

നം.ഇ7/23966/17

തീയതി 27/07/2017

വിഷയം:സാമൂഹ്യനീതിവകുപ്പ്-ജീവനക്കാര്യം- ഹെഡ് അക്കൗണ്ടന്റ് തസ്തികയിലെ നിരീക്ഷണകാലം പൂർത്തികരിച്ചതായി പ്രഖ്യാപിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

സൂചന: ജീവനക്കാരുടെ അപേക്ഷകൾ

സാമൂഹ്യനീതി വകുപ്പിൽ ഹെഡ് അക്കൗണ്ടന്റ് തസ്തികയിൽ ജോലി ചെയ്തു വരുന്ന ചുവടെ ചേർക്കുന്ന ജീവനക്കാരുടെ നിരീക്ഷണകാലം അവരുടെ പേരിന നേരെ കാണിച്ചിട്ടുള്ള തീയതി പ്രാബല്യത്തിൽ പൂർത്തികരിച്ചതായി പ്രഖ്യാപിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

| ക്രമ നം | പേര്, തസ്തിക, ജോലി നോക്കുന്ന കാര്യാലയം | ഹെഡ്അക്കൗണ്ടന്റ് തസ്തികയിൽ ജോലിയിൽ പ്രവേശിച്ച തീയതി | ഹെഡ്അക്കൗണ്ടന്റ് തസ്തികയിൽ പ്രൊബേഷൻ പൂർത്തികരിച്ചതായി പ്രഖ്യാപിക്കുന്ന തീയതി | അഭിപ്രായം |
|---|---|---|---|---|
| 1 | ശ്രീ.പി.കെ.സുദർശനൻ നായർ ഹെഡ് അക്കൗണ്ടന്റ് ഐ.സി.ഡി.എസ് പ്രോജക്ട് ഓഫീസ്, ഓലം | 15/03/2016 | 15/03/2017 FN | |
| 2 | ശ്രീ.ആർ.അനിൽ കുമാർ ഹെഡ് അക്കൗണ്ടന്റ് ജില്ല സാമൂഹ്യനീതി ഓഫീസ് കൊല്ലം | 01/04/2016 | 01/04/2017 FN | |
| 3 | ശ്രീമതി.എ.റ്റി.ശൈലശ്രീ ഹെഡ് അക്കൗണ്ടന്റ് ജില്ല സാമൂഹ്യനീതി ഓഫീസ് കാസറഗോഡ് | 17/03/2016 | 17/03/2017 FN | |
| 4 | ശ്രീ.എൻ.മനോഹരൻ ഹെഡ് അക്കൗണ്ടന്റ് ഐ.സി.ഡി.എസ് പ്രോജക്ട് ഓഫീസ്, പാമ്പാടി | 17/03/2016 | 17/03/2017 FN | |
| 5 | ശ്രീമതി.എം.എസ്.ദീപ ഹെഡ് അക്കൗണ്ടന്റ് ജില്ലാതല ഐ.സി.ഡി.എസ് സെൽ പത്തനംതിട്ട | 14/03/2016 | 31/03/2017 FN | 17 ദിവസം വിനിമയാവധി |
| 6 | ശ്രീമതി.ത്രേസ്യാമ്മ ജോൺ ഹെഡ് അക്കൗണ്ടന്റ് ഐ.സി.ഡി.എസ് പ്രോജക്ട് ഓഫീസ്, പത്തനാപുരം | 04/04/2016 | 19/04/2017 FN | 15 ദിവസം വിനിമയാവധി |
| 7 | ശ്രീ.എൻ.ഡി.മഹേശൻ ഹെഡ് അക്കൗണ്ടന്റ് ജില്ല സാമൂഹ്യനീതി ഓഫീസ് കോട്ടയം | 17/03/2016 | 17/03/2017 FN | |
| 8 | ശ്രീമതി.ജി.സ്വപ്നമോൾ ഹെഡ് അക്കൗണ്ടന്റ് ജില്ല സാമൂഹ്യനീതി ഓഫീസ് പത്തനംതിട്ട | 17/03/2016 | 18/05/2017 FN | 62 ദിവസം വിനിമയാവധി |

3677/17 04/08/17

| | | | |
|---|---|---|---|
| 9 | [illegible] ഫ്രാൻസിസ്<br>ജൂനിയർ അക്കൌണ്ടന്റ്<br>ഐ.സി.ഡി.എസ് പ്രോജക്ട് ഓഫീസ്, തിരുവനന്തപുരം അർബൻ IV | 16/03/2016 AN | 03/05/2017 FN |

ഇതു സംബന്ധിച്ച രേഖപ്പെടുത്തലുകൾ ബന്ധപ്പെട്ട കാര്യാലയ[illegible] ജീവനക്കാരുടെ സേവനപുസ്തകത്തിൽ വരുത്തേണ്ടതാണ്.

(ഒപ്പ്)
സാമൂഹ്യനീതി [illegible]

ബന്ധപ്പെട്ട ജീവനക്കാർക്ക്,
പകർപ്പ്
ബന്ധപ്പെട്ട കാര്യാലയമേധാവികൾക്ക്
സ്പാർക്ക് ഐടി സെക്ഷൻ
സ്റ്റോക്ക് ഫയൽ /സ്പെയർ

ഉത്തരവിൻ പ്രകാരം
സൂപ്രണ്ട്

## സാമൂഹ്യനീതി ഡയറക്ടറുടെ നടപടിക്രമങ്ങൾ
## ( ഹാജർ പി.ബി.നൂഹ്, ഐ.എ.എസ് )

തിരുവനന്തപുരം
തീയതി 09/10/2017

**ഉത്തരവ് നം ഇ9/30030/17**

വിഷയം :- സാമൂഹ്യനീതി വകുപ്പ് – ജീവനക്കാര്യം- 01/03/2016 മുതൽ 13/06/2017 വരെ ഹെഡ് അക്കൗണ്ടന്റ്/ ഹെഡ് ക്ലാർക്ക് തസ്തികയിൽ നിയമനം ലഭിച്ച് സേവനം ക്രമീകരിയ്ക്കപ്പെട്ട ജീവനക്കാരുടെ അന്തിമ സീനിയോറിട്ടി ലിസ്റ്റ് പ്രസിദ്ധീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം :- 1) സാമൂഹ്യനീതി ഡയറക്ടറുടെ 23/3/16 ലെ ഇ9/11437/16 നമ്പർ നടപടിക്രമങ്ങൾ

2) സാമൂഹ്യനീതി ഡയറക്ടറുടെ 03/7/2017, 25/7/2017 തീയതികളിലെ ഇ7/22173/16 നമ്പർ നടപടിക്രമങ്ങൾ

3) സാമൂഹ്യനീതി ഡയറക്ടറുടെ 29/7/2017 ലെ ഇതേ നമ്പർ നടപടിക്രമങ്ങൾ

4) ശ്രീകൃഷ്ണപുരം ശിശുവികസന പദ്ധതി ഓഫീസറുടെ 3/8/2017 ലെ ഐസിഡിഎസ്/ എസ്.കെ.പി/എ-212/2017 നമ്പർ കത്ത്

സാമൂഹ്യനീതി വകുപ്പിൽ 01/10/2014 മുതൽ 29/02/2016 വരെ ഹെഡ് അക്കൗണ്ടന്റ്/ ഹെഡ് ക്ലാർക്ക് തസ്തികയിൽ സ്ഥാനക്കയറ്റം ലഭിച്ച ജീവനക്കാരുടെ അന്തിമ സീനിയോറിട്ടി ലിസ്റ്റ് പരാമർശം (1) പ്രകാരം പ്രസിദ്ധീകരിച്ച് ഉത്തരവായിരുന്നു. തുടർന്ന് 01/03/2016 മുതൽ 13/06/2017 വരെ ഹെഡ് അക്കൗണ്ടന്റ്/ ഹെഡ് ക്ലാർക്ക് തസ്തികയിൽ താൽക്കാലിക നിയമനം ലഭിക്കുകയും പരാമർശം (2) പ്രകാരം സേവനം ക്രമീകരിയ്ക്കപ്പെടുകയും ചെയ്ത ജീവനക്കാരുടെ കരട് ലിസ്റ്റ് പരാമർശം (3) പ്രകാരം പ്രസിദ്ധീകരിയ്ക്കുകയും ആയതിന്മേലുള്ള ആക്ഷേപങ്ങളും പരാതികളും ക്ഷണിയ്ക്കുകയും ചെയ്തിരുന്നു.

ഹെഡ് അക്കൗണ്ടന്റ് തസ്തികയിൽ ഉദ്യോഗക്കയറ്റം മുഖേന 21/10/2016 ൽ പ്രവേശിച്ച ശ്രീ.യൂജിൻ ബാബുവിനെ കരട് സീനിയോറിട്ടി ലിസ്റ്റിൽ ഉൾപ്പെടുത്തിയില്ലെന്ന ആക്ഷേപം പരാമർശം (4) പ്രകാരം ലഭ്യമായിട്ടുണ്ട്. എന്നാൽ ടിയാന്റെ താൽക്കാലിക ഉദ്യോഗക്കയറ്റം ക്രമീകരിയ്ക്കപ്പെട്ടിട്ടില്ലാത്തതിനാൽ ടി അപേക്ഷ പരിഗണനാർഹമല്ല. പരാമർശം (3) ലെ കരട് സീനിയോറിട്ടി ലിസ്റ്റിന്മേൽ മറ്റ് ആക്ഷേപങ്ങൾ/ പരാതികൾ ലഭിച്ചിട്ടില്ല.

ഈ സാഹചര്യത്തിൽ പരാമർശം (3) പ്രകാരം പ്രസിദ്ധീകരിച്ച ഹെഡ് അക്കൗണ്ടന്റ്/ ഹെഡ് ക്ലാർക്ക് തസ്തികയിൽ 01/03/2016 മുതൽ 13/06/2017 വരെ നിയമനം ലഭിച്ച് സേവനം

ക്രമീകരിയ്ക്കപ്പെട്ട 17 ജീവനക്കാരുടെ ( ക്രമ നം 27 മുതൽ 43 വരെ) അന്തിമ സീനിയോറിട്ടി ലിസ്റ്റ് അംഗീകരിച്ച് ഇതോടൊപ്പം പ്രസിദ്ധീകരിച്ച് ഉത്തരവ് പുറപ്പെടുവിയ്ക്കുന്നു.

(ഒപ്പ്)
സാമൂഹ്യ നീതി ഡയറക്ടർ

ബന്ധപ്പെട്ട ജീവനക്കാർക്ക്

പകർപ്പ്

1) എല്ലാ കീഴ്ക്കാര്യാലയ മേധാവികൾക്കും
2) ഐ.റ്റി സെക്ഷൻ (വെബ്സൈറ്റ് പ്രസിദ്ധീകരണത്തിന്)
3) ഇ7 സീറ്റ്
4) സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സൂപ്രണ്ട്

## സാമൂഹ്യ നീതി വകുപ്പിൽ 01-03-2016 മുതൽ 13-06-2017 വരെ ഹെഡ് ക്ലാർക്ക്/ ഹെഡ് അക്കൗണ്ടന്റ് തസ്തികയിൽ നിയമനം ലഭിച്ച് സേവനം ക്രമീകരിയ്ക്കപ്പെട്ട ജീവനക്കാരുടെ അന്തിമ സീനിയോറിറ്റി ലിസ്റ്റ്.

(സാമൂഹ്യനീതി ഡയറക്ടറുടെ 19-10 -2017 ലെ ഇ.9/30030/2017 നമ്പർ നടപടിക്രമങ്ങൾ)

| ക്രമ നം. | പേര് | ജനനതീയതി | യോഗ്യത | | Date of Commencement of Continuous service in the category | അഭിപ്രായം |
|---|---|---|---|---|---|---|
| | | | General | Special | | |
| 27. | പി.കെ.സുദർശൻ | 31/03/1962 | SSLC | A/C(L) 12/2002 | 14-03-2016 | E7/11977/16/ DSJ dt. 14-03-2016 |
| 28. | ആർ.അനിൽകുമാർ | 20/05/1970 | SSLC | A/C(L) 07/2002 | 14-03-2016 | E7/11977/16/ DSJ dt. 14-03-2016 |
| 29. | എ.റ്റി.ശൈലശ്രീ | 04-03-1972 | BSc,BEd | A/C(L) 06/2003, A/C(H) 01/2005 | 14-03-2016 | E7/11977/16/ DSJ dt. 14-03-2016 |
| 30. | എൻ.മനോഹരൻ | 22/05/1967 | BA | A/C(L) 12/2001 | 14-03-2016 | E7/11977/16/ DSJ dt. 14-03 2016 |
| 31. | എം.എസ്.ദീപ | 28/05/1967 | BSc,BEd,MA (Sociology) | A/C(L) 06/2001 | 14-03-2016 | E7/11977/16/ DSJ dt. 14-03-2016 |
| 32. | ത്രേസ്യാമ്മ ജോൺ | 31/05/1968 | MA,BEd | A/C(L&H) 12/2001 | 14-03-2016 | E7/11977/16/ DSJ dt. 14-03-2016 |
| 33. | എൻ.ഡി.മഹേശൻ | 12/05/1966 | BA | A/C(L&H) 12/2000 | 14-03-2016 | E7/11977/16/ DSJ dt. 14-03 2016 |
| 34. | ജി.സ്വപ്നമോൾ | 15/12/1973 | BSc,BEd | A/C(L) 01/2005 | 14-03-2016 | E7/11977/16/ DSJ dt. 14-03-2016 |

| | | | | | | |
|---|---|---|---|---|---|---|
| 35. | ജോസ് ഫ്രാൻസിസ് | 02/02/1968 | BSc,PGDCA | A/C(L) 06/2005 | 14-03-2016 | E7/11977/16/ DSJ dt. 14-03-2016 |
| 36. | ശൈലജ.എ.ദിവാകരൻ | 30/05/1973 | MA,BEd | A/C(L & H) 06/2002 | 14-03-2016 | E7/11977/16/ DSJ dt. 14-03-2016 |
| 37. | കെ.എസ്.ജലജകുമാരി | 27/05/1964 | MA | A/C(L)12/2001 | 14-03-2016 | E7/11977/16/ DSJ dt. 14-03-2016 |
| 38. | കെ.ആർ.ജോളി | 30/05/1971 | MSc,BEd | A/C(L) 01/2005 | 14-03-2016 | E7/11977/16/ DSJ dt. 14-03-2016 |
| 39. | ജി.സുഭാഷ് കുമാർ | 20/04/1975 | BSc,BEd | A/C(L) 12/2003 | 14-03-2016 | E7/11977/16/ DSJ dt. 14-03-2016 |
| 40. | സി.തങ്കപ്രഭ | 25/05/1965 | MA | A/C(L &H)) 12/2001 | 14-03-2016 | E7/11977/16/ DSJ dt. 14-03-2016 |
| 41. | ലിയോൺ.എച്ച്.പെരേര | 15/03/1962 | PDC | A/C(L) 06/2003 | 14-03-2016 | E7/11977/16/ DSJ dt. 14-03 2016 |
| 42. | ബി.രാജീവ് | 24/05/1977 | PDC | A/C(L) 06/2003 | 14-03-2016 | E7/11977/16/ DSJ dt. 14-03 2016 |
| 43. | റ്റി.ബീന | 15/05/1962 | MA,HDC,Type Eng & Mal (H) | A/C(L) | 14-03-2016 | E7/11977/16/ DSJ dt. 14-03-2016 |

സാമൂഹ്യ നീതി ഡയറക്ടർക്കു വേണ്ടി

## വിവരാവകാശം/മറുപടി

നം ഇ11/35052/16

സാമൂഹ്യനീതി ഡയറക്ടറേറ്റ്
വികാസ് ഭവൻ, തിരുവനന്തപുരം
തീയതി - 29/11/2016

സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ

അഡ്വ.എ.സി.അജിത്കുമാർ,
സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ ( വിദ്യാഭ്യാസം, ആരോഗ്യം)
കറുകച്ചാൽ ഗ്രാമ പഞ്ചായത്ത് ആഫീസ്,
കറുകച്ചാൽ.പി.ഒ,
കോട്ടയം.

സർ,

വിഷയം :- സാമൂഹ്യനീതി വകുപ്പ്-വിവരാവകാശനിയമം 2005 പ്രകാരമുള്ള അപേക്ഷ- മറുപടി നൽകുന്നത്-- സംബന്ധിച്ച്.

സൂചന :-വിവരാവകാശ നിയമപ്രകാരമുള്ള താങ്കളുടെ 31/10/16 ലെ അപേക്ഷ

സൂചന പ്രകാരം താങ്കൾ ആവശ്യപ്പെട്ട വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1) സാമൂഹ്യനീതി വകുപ്പിൽ നിലവിലുള്ള എല്ലാ സീനിയർ സൂപ്രണ്ട് തസ്തികകളും (41) സൂപ്രണ്ട് ഗ്രേഡ് 1 തത്തുല്യ തസ്തികകളിൽ 18 തസ്തികകളും ക്ലറിക്കൽ വിഭാഗത്തിൽ നിന്നുള്ള ജീവനക്കാർക്ക് അർഹതപ്പെട്ടതാണ്.സീനിയർ സൂപ്രണ്ട് തസ്തികകൾ സാമൂഹ്യനീതി ഡയറക്ടറേറ്റിലും എല്ലാ ജില്ലാസാമുഹ്യനീതി ഓഫീസുകളിലും എല്ലാ ജില്ലാതല ഐസിഡിഎസ് സെല്ലുകളിലുമാണ് നിലവിലുള്ളത്. സൂപ്രണ്ട് ഗ്രേഡ് 1 തസ്തികകളിലെ ഓഫീസുകൾ ജീവനക്കാർക്ക് തരം തിരിച്ചു നൽകിയിട്ടില്ല.

2) 26 ഒഴിവുകൾ . ഒഴിവുകൾ നിലവിലുള്ള കാര്യാലയങ്ങൾ ചുവടെ ചേർക്കുന്നു.

1. ഐ.സി.ഡി.എസ് പട്ടണക്കാട്
2. ഐ.സി.ഡി.എസ് അഴുത

3. ഐ.സി.ഡി.എസ് ദേവികുളം
4. ഐ.സി.ഡി.എസ് ഇടുക്കി
5. ഐ.സി.ഡി.എസ് അടിമാലി അഡീഷണൽ
6. ഐ.സി.ഡി.എസ് അഴുത അഡീഷണൽ
7. ഐ.സി.ഡി.എസ് ദേവികുളം അഡീഷണൽ
8. ഐ.സി.ഡി.എസ് കട്ടപ്പന അഡീഷണൽ
9. ഐ.സി.ഡി.എസ് സുൽത്താൻ ബത്തേരി
10. ഐ.സി.ഡി.എസ് മാനന്തവാടി
11. ഐ.സി.ഡി.എസ് കല്യാശ്ശേരി
12. ജില്ലാ സാമൂഹ്യനീതി ഓഫീസ്, കണ്ണൂർ
13. ഐ.സി.ഡി.എസ് എടക്കാട്
14. ഐ.സി.ഡി.എസ് പയ്യന്നൂർ
15. ഐ.സി.ഡി.എസ് നീലേശ്വരം
16. ജില്ലാസാമൂഹ്യനീതി ഓഫീസ്, കാസർഗോഡ്
17. ഐ.സി.ഡി.എസ് മഞ്ചേശ്വരം
18. ഐ.സി.ഡി.എസ് കാഞ്ഞങ്ങാട് അഡീഷണൽ
19. ഐ.സി.ഡി.എസ് കാസർഗോഡ്
20. ഐ.സി.ഡി.എസ് കാസർഗോഡ് അഡീഷണൽ
21. ഐ.സി.ഡി.എസ് മഞ്ചേശ്വരം അഡീഷണൽ
22. ഐ.സി.ഡി.എസ് പരപ്പ അഡീഷണൽ
23. ഐ.സി.ഡി.എസ് കാറഡുക്ക
24. ഐ.സി.ഡി.എസ് കാറഡുക്ക അഡീഷണൽ
25. ജില്ലാസാമൂഹ്യനീതി ഓഫീസ്, പത്തനംതിട്ട
26. ഐ.സി.ഡി.എസ് തളിക്കുളം

13) ആർ.എ.ഡി.ഓഫീസ്, എറണാകുളം

14) ആർ.എ.ഡി.ഓഫീസ്, കോഴിക്കോട്

4) സീനിയോറിട്ടി ലിസ്റ്റിന്റെ പകർപ്പ് ലഭ്യമാകുന്നതിന് ഒരു പേജിന് രണ്ടു രൂപാ നിരക്കിൽ ഫീസ് പേജിന് പതിനാല് രൂപാ 0070- 60- 118- 99- receipts RTI എന്ന ശീർഷകത്തിൽ ട്രഷറിയിൽ ഒടുക്കിയ ചെലാന്റെ അസ്സൽ ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതാണ്.

ഈ മറുപടിയിൻമേൽ താങ്കൾക്ക് പരാതിയോ ആക്ഷേപമോ ഉള്ള പക്ഷം മറുപടി ലഭിച്ച് 30 ദിവസത്തിനകം ഒന്നാം അപ്പീൽ അധികാരിയായ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, സാമൂഹ്യനീതി ഡയറക്ടറേറ്റ്, വികാസ് ഭവൻ, തിരുവനന്തപുരം 695033 എന്ന വിലാസത്തിൽ അപ്പീൽ സമർപ്പിക്കാവുന്നതാണ്.

വിശ്വസ്തതയോടെ,

സാബു.ബി

സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ

& സീനിയർ സൂപ്രണ്ട്

II സൂപ്രണ്ട് ഗ്രേഡ് II തസ്തികയിൽ 3 ഉം സൂപ്രണ്ട് ഗ്രേഡ് III തസ്തികയിൽ 14 ഉം ഒഴിവുകൾ നിലവിലുണ്ട്.30/9/15 ലെ സ.ഉ (എം.എസ്) നം 65/15/സാനീവ പ്രകാരം സൂപ്രണ്ട് ഗ്രേഡ് II, സൂപ്രണ്ട് ഗ്രേഡ് III തസ്തികയിലേയ്ക്കുള്ള ഉദ്യോഗക്കയറ്റത്തിൽ നിന്നും മിനിസ്റ്റീരിയൽ വിഭാഗത്തിലെ ജീവനക്കാരെ ഒഴിവാക്കി വിശേഷാൽ ചട്ടം ഭേദഗതി ചെയ്യണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ആയതിനാൽ ടി ഒഴിവുകളിലേയ്ക്ക് മിനിസ്റ്റീരിയൽ വിഭാഗത്തിലെ ജീവനക്കാർക്ക് ഉദ്യോഗക്കയറ്റത്തിന് അർഹതയില്ല ഒഴിവുകൾ നിലവിലുള്ള കാര്യാലയങ്ങൾ ചുവടെ ചേർക്കുന്നു.

<u>സൂപ്രണ്ട് ഗ്രേഡ് II</u>

1) ആശാ ഭവൻ (മെൻ) തിരുവനന്തപുരം
2) ചിൽഡ്രൻസ് ഹോം, നൂറനാട്
3) ഒബ്സർവേഷൻ ഹോം, കാസർഗോഡ്

<u>സൂപ്രണ്ട് ഗ്രേഡ് III</u>

1) മഹിളാ മന്ദിരം, പാലക്കാട്
2) മഹിളാ മന്ദിരം, മലപ്പുറം
3) മഹിളാ മന്ദിരം, കണ്ണൂർ
4) മഹിളാ മന്ദിരം, കാസർഗോഡ്
5) ചിൽഡ്രൻസ് ഹോം, ആലപ്പുഴ
6) ജില്ലാസാമൂഹ്യനീതി ഓഫീസ്, പത്തനംതിട്ട
7) ജില്ലാസാമൂഹ്യനീതി ഓഫീസ്, വയനാട്
8) ജില്ലാസാമൂഹ്യനീതി ഓഫീസ്, കാസർഗോഡ്
9) ചിൽഡ്രൻസ് ഹോം,(പെൺകുട്ടികൾ), എറണാകുളം
10) ചിൽഡ്രൻസ് ഹോം (ആൺകുട്ടികൾ) കോഴിക്കോട്
11) കെയർ ഹോം ഫോർ ഡിസേബിൾഡ് ചിൽഡ്രൻ, ആലപ്പുഴ
12) ജില്ലാസാമൂഹ്യനീതി ഓഫീസ്, പാലക്കാട്

ഭരണഭാഷ - മാതൃഭാഷ

തീയതി, 25/0?/2017.

പി കെ സുദർശനൻ .നായർ
ഹെഡ് അകൗണ്ടന്റ്
ഐ.സി.ഡി.എസ്സ് പ്രൊജക്ട് ഓഫിസ്
ളാലം

ഡയറക്ടർ
സാമൂഹ്യ നീതി വകുപ്പ്
വികാസ് ഭവൻ
തിരുവനന്തപുരം-33

സർ,

**വിഷയം:**-സാമൂഹ്യനീതി വകുപ്പ് - ഐസിഡി.എസ്. ളാലം- ജീവനക്കാര്യം-അർഹതപ്പെട്ട ഉദ്യോഗക്കയറ്റം സമയബന്ധിതമായി ലഭിക്കുന്നത് - സംബന്ധിച്ച്

**സൂചന:**- (1) ബഹു.സാമൂഹ്യ നീതി ഡയറക്ടറുടെ 03/07/2017 ലെ ഇ7-22173/2016 നംമ്പർ ഉത്തരവ്(ഹെഡ് അകൗണ്ടന്റ്മാരുടെഉദ്യോഗക്കയറ്റം ക്രമീകരിച്ചുകൊണ്ടുള്ള ഉത്തരവ്)

(2) ബഹു.സാമൂഹ്യ നീതി ഡയറക്ടറുടെ ഇ7-23966 തീയതി 27-07-2017(നിരീക്ഷണ കാലം പൂർത്തികരിച്ച ഉത്തരവ്)

(3) ബഹു.സാമൂഹ്യ നീതി ഡയറക്ടറുടെ 29/07/2017 ലെഇ9-30030/2017 നംമ്പർ ഉത്തരവ്(കരട് സീനിയോരിറ്റി ലിസ്റ്റ്)

(4) ബഹു.സാമൂഹ്യ നീതി ഡയറക്ടറുടെ 30/08/2017 ലെ ഇ7-15878/2017നംമ്പർ കത്ത്(നിരീക്ഷണകാലം കണക്കാക്കേണ്ടതിൽ വ്യക്തത ആവശ്യപ്പെട്ട് ഗവൺമെന്റിലേക്ക് നൽകിയ കത്ത്)

ഞാൻ നിലവിൽ ളാലം ഐ.സി.ഡി.എസ്സിൽ 15/03/2016 മുതൽ ഹെഡ് അകൗണ്ടന്റ് ആയി സേവനമനുഷ്ടിച്ചുവരികയാണ്.സൂചന ഉത്തരവ് (1) പ്രകാരം 31/03/2016 ൽ എന്റെ ഉദ്യോഗക്കയററം ക്രമീകരിച്ചിട്ടുണ്ട്. കുടാതെ സീനിയോരിറ്റിയിൽ എനിക്കു താഴെ ഉള്ള എട്ട് പേരുടെയും ഉദ്യോഗക്കയറ്റം ഇതേ ഉത്തരവ് പ്രകാരം ക്രമികരിച്ചിട്ടുള്ളതാണ്. ഇതേ തുടർന്ന് സൂചന (2) പ്രകാരം നിരീക്ഷണകാലം പൂർത്തികരിച്ച് ഉത്തരവാവുകയും സൂചന (3) പ്രകാരം 17 പേരുടെ

നിലവിൽ സാമൂഹ്യ നീതി വകുപ്പിൽ 26 ജൂനിയർ സൂപ്രണ്ട് തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നതായി വിവരാവകാശ രേഖകൾ പ്രകാരം അറിയുവാൻ കഴിഞ്ഞിട്ടുണ്ട്. ഹെഡ് അകൗണ്ടന്റ് കരട് സീനിയോരിറ്റി ലിസ്റ്റിൽ ഉൾപ്പെട്ടവരിൽ **ഞാൻഉൾപ്പെടെ 3 പേർ ആറ്മാസത്തിനകം സേവനത്തിൽനിന്നും വിരമിച്ചു പോകേണ്ടവരുമാണ്.** ഇത്രയേറെ തസ്തികകൾ ഒഴിഞ്ഞു കിടക്കുമ്പോൾ ടി തസ്തികകളിലേക്ക്ഉദ്യോഗക്കയറ്റംനടത്താതത്ചിലതൽപരകക്ഷികളുടെദുരുദ്ദേശവും, ദുർവാശിയും,അനാസ്തയുംമൂലമാണെന്ന്സംശയിക്കുന്നു.ഉദ്യോഗക്കയറ്റംലഭിക്കാത്തതുമൂലം.ഞങ്ങൾക്ക്ഉണ്ടായിട്ടുള്ള.മാനസികപ്രയാസവും,സാമ്പത്തികനഷ്ടവും പിന്നിട ഒരിക്കലുംപരിഹരിക്കാനാവാത്തതാണ്. 4 ാം സൂചന കത്ത് പ്രകാരം ഹെഡ് അകൗണ്ടന്റ് തസ്തികയിൽ നിരീക്ഷണകാലം കണക്കാക്കുന്നത് ജോലിയിൽ പ്രവേശിച്ച തീയതി മുതൽ ഒരുവർഷമാണോ, ഉദ്യോഗക്കയറ്റം ക്രമീകരിച്ച തീയതി മുതൽ ഒരു വർഷമാണോ, എന്ന കാര്യത്തിൽ വ്യക്തത ആവശ്യപ്പെട്ടുകൊണ്ട് ഗവൺമെന്റിലേക്ക് കത്ത് നൽകിയിരുന്നു.എന്നാൽ കരടു സീനിയോരിററി ലിസ്ററിലെ ആദ്യത്തെ അഞ്ചുപേർ ഏതു പ്രകാരത്തിലായാലും, നിരീക്ഷണകാലം പൂർത്തികരിച്ചതിനാലും,ഗവൺമെന്റിൽനിന്നുംടികാര്യത്തിന്മറുപടിലഭിക്കാൻവളരെയധികംസമയം,എടുക്കുമെന്നതിനാലും.ആയതിനുമുൻമ്പ്ഞങ്ങളിൽപലരുംസർവ്വീസിൽനിന്നുംവിരമിക്കും,എന്നതിനാലും,സമക്ഷത്തുനിന്നും,ദയവുണ്ടായിഅടിയന്തിരമായി താല്ക്കാലിക മായിട്ടെങ്കിലും,ഉദ്യോഗക്കയറ്റം നൽകുന്നതിനു വേണ്ട നടപിടി കൈകൊള്ളുമാറാകണമെന്ന് താഴ്മയായി അപേക്ഷിച്ചു കൊളളുന്നു.

വിശ്വസ്തതയോടെ,

പി കെ സുദർശനൻ .നായർ
ഹെഡ് അകൗണ്ടന്റ്
ഐ.സി.ഡി.എസ്സ് പ്രൊജക്ട് ഓഫിസ്
ളാലം

ളാലം
25/09/2017